


കാലിക്കറ്റ് വാഴ്സിറ്റിയിൽ സി.എച്ച്. ചെയർ കേന്ദ്ര വിദേശകാര്യ - മാനവ വിഭവ ശേഷി സഹമന്ത്രി ഇ. അഹമ്മദ് ഉദ്ഘാടനം ചെയ്യുന്നു. പി.എ. ഇബ്രാഹിം ഹാജി, വി.സി എം.അബ്ദുൽസലാം, പി.വി. അബ്ദുൽവഹാബ്, പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ, എം.പി വീരേന്ദ്രകുമാർ, മന്ത്രിമാരായ പി.കെ. കുഞ്ഞാലിക്കുട്ടി, പി.കെ. അബ്ദുറബ്ബ്, ഡോ. എം.കെ. മുനീർ, കെ.എൻ.എ. ഖാദർ എം.എൽ.എ. മുസ്‌ലിംലീഗ് ജനറൽ സെക്രട്ടറി കെ.പി.എ. മജീദ്, പി.എ മഹ്ബൂബ്, കുറുക്കോളി മൊയ്തീൻ, സി.എച്ച് ചെയർ ഡയരക്ടർ പി.എ റഷീദ്, കുട്ടി അഹമ്മദ്കുട്ടി, എം.ഐ തങ്ങൾ എന്നിവർ സമീപം

## കാലിക്കറ്റ് സർവകലാശാലയിൽ സി.എച്ച് ചെയറിന് ഉജ്വല തുടക്കം

# സർവകലാശാലകൾക്കുള്ള കേന്ദ്ര സഹായം വർധിപ്പിക്കും: അഹമ്മദ്

■ **സ്വന്തം ലേഖകൻ**
തേഞ്ഞിപ്പലം

സിഎച്ചിനെ കുറിച്ചുള്ള ധന്യസ്മരണകൾ നിറഞ്ഞ് തുളുമ്പിയ അന്തരീക്ഷത്തിൽ കാലിക്കറ്റ് സർവകലാശാലയിലെ സിഎച്ച് മുഹമ്മദ് കോയ ചെയർ ഫോർ സ്റ്റഡീസ് ഓൺ ഡവലപ്പിംഗ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്ക് പ്രൗഢോജ്ജ്വല തുടക്കം. കലാശാലയുടെ ശിൽപിയായ സിഎച്ചിന്റെ പേരിൽ ചെയർ ആരംഭിക്കണമെന്ന ഏറെ കാലത്തെ സ്വപ്നം പൂവണിയുന്നതിന് സാക്ഷികളാവാൻ ജനം ഒഴുകിയെത്തി. യൂണിവേഴ്സിറ്റി സെമിനാർ കോംപ്ലക്സ് ഹാളിൽ മുസ്‌ലിംലീഗ് സംസ്ഥാന പ്രസിഡണ്ട് പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങളുടെ അധ്യക്ഷതയിൽ കേന്ദ്ര വിദേശകാര്യ-മാനവ വിഭവശേഷി സഹമന്ത്രി ഇ അഹമ്മദ് ഉദ്ഘാടനം ചെയ്തു. സമൂഹത്തെ വിദ്യാഭ്യാസ പരമായി ഉന്നതിയിലെത്തിക്കാൻ ദീർഘവീക്ഷണത്തോടെ യത്നിച്ച സിഎച്ചിന്റെ സംഭാവനയാണ് കാലിക്കറ്റ് സർവകലാശാലയെന്ന് അഹമ്മദ് പറഞ്ഞു. കാഴ്ച്ചപ്പാടും ദൗത്യവും ഒരുമിച്ച് നെയ്താണ് സിഎച്ച് കലാശാലയെ വളർത്തിയത്. അതിലൂടെ വളർന്ന വിദ്യാഭ്യാസ സംസ്കാരം തലമുറകൾക്ക് വെളിച്ചം പകരുകയുണ്ടായി. അറിവ് നിർമിക്കാനും വിനിമയം ചെയ്യാനും കലാശാലകൾക്ക് കഴിയണം. പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയിൽ കേന്ദ്രസർക്കാർ യുജിസി ഗ്രാന്റുകൾ വർധിപ്പിക്കുമെന്നും അഹമ്മദ് പറഞ്ഞു. പതിനൊന്നാം പഞ്ചവൽസര പദ്ധതി അവസാനിക്കാൻ ആറ് മാസം കൂടിയേ ബാക്കിയുള്ളു. കേരള സർക്കാർ ഒട്ടേറെ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടെന്നും അഹമ്മദ് പറഞ്ഞു.

ബിരുദങ്ങൾ മാത്രം നൽകുന്ന കേന്ദ്രമായി കലാശാല മാറാതെ ഗവേഷണപരമായ കാര്യങ്ങളിൽ ശ്രദ്ധിക്കണം. പുസ്തകങ്ങൾക്കപ്പുറത്തെ പഠനങ്ങളും ഗവേഷണങ്ങളും അനിവാര്യമായിരിക്കുകയാണ്. സിഎച്ച് ചെയറിന് യുജിസി സഹായം ലഭ്യമാക്കാൻ എല്ലാ ശ്രമങ്ങളും ഉണ്ടാവും. ഉന്നത പഠന രംഗത്തും സമൂഹ വികസനത്തിലും സിഎച്ച് ചെയറിന് വലിയ പങ്ക് നിർവഹിക്കാൻ കഴിയണമെന്നും അഹമ്മദ് പറഞ്ഞു. സിഎച്ച് ചെയറിനുള്ള എൻഡോവ്മെന്റ് സ്വീകരണം വ്യവസായ മന്ത്രി പികെ കുഞ്ഞാലിക്കുട്ടി നിർവഹിച്ചു. ചെയറിന്റെ ലൈബ്രറി ഉദ്ഘാടനം വിദ്യാഭ്യാസ മന്ത്രി പികെ അബ്ദുറബ്ബ് നിർവഹിച്ചു.

സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി ഡോ എംകെ മുനീർ, എംകെ രാഘവൻ എംപി, അഡ്വ കെഎൻഎ ഖാദർ എംഎൽഎ, മുസ്‌ലിം ലീഗ് സംസ്ഥാന ജന.സെക്രട്ടറി കെപിഎ മജീദ്, എംപി വീരേന്ദ്രകുമാർ, പിവി അബ്ദുൽ വഹാബ്, ഡോ പിഎ ഇബ്രാഹിം ഹാജി പ്രസംഗിച്ചു. കാലിക്കറ്റ് സർവകലാശാല വൈസ് ചാൻസലർ ഡോ എം അബ്ദുസലാം സ്വാഗതവും രജിസ്ട്രാർ ഡോ പിപി മുഹമ്മദ് നന്ദിയും പറഞ്ഞു. ഓർമകളിലെ സിഎച്ച് എന്ന ഡോക്യുമെന്ററി ചടങ്ങിൽ പ്രദർശിപ്പിച്ചു. വിവിധ പുസ്തകങ്ങളുടെ പ്രകാശനവും നടന്നു.